# കില
## വാർത്താപത്രിക

VOLUME-9
ISSUE-4
APRIL 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org



കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിനു കിലയിലെത്തിയ ഒഡീഷയിലെ എം.എൽ.എ മാരുമായി കില ഡയറക്ടർ ഡോ.പി.പി. ബാലൻ സംസാരിക്കുന്നു

## തദ്ദേശസ്ഥാപനങ്ങൾക്കു ജൂഡീഷ്യൽ അധികാരങ്ങൾ നൽകണമെന്നു ശുപാർശ

**ബീ**ഹാർ, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ വിധത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു ജൂഡീഷ്യൽ അധികാരങ്ങൾ നൽകാൻ മുൻമന്ത്രി കുട്ടി അഹമ്മദുകുട്ടി ചെയർമാനായ ലോക്കൽ ഗവർമ്മെന്റ് കമ്മീഷൻ ശുപാർശ ചെയ്തു. കുടുംബപ്രശ്നങ്ങളും മറ്റും കുറഞ്ഞ ചെലവിൽ പരിഹരിക്കുന്ന രീതിയിലായിരിക്കണം ജൂഡീഷ്യൽ അധികാരങ്ങളും സംവിധാനവും.ഗ്രാമന്യായങ്ങളുമായി ഇതിനെ ബന്ധപ്പെടുത്താനുള്ള സാദ്ധ്യത പരിശോധിക്കണം.സെഷൻസ് കോടതിയിൽ മാത്രം അപ്പീൽ സ്വീകരിക്കുന്ന രീതിയിലായിരിക്കണം നടപടികൾ. ഇതിനു പുറമെ തദ്ദേശസ്ഥാപനങ്ങൾക്കു കീഴിൽ മുനിസിപ്പൽ-റൂറൽ പൊലിസ് സംവിധാനം കൂടി വേണമെന്നു കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

മാലിന്യസംസ്കരണം, കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ, തദ്ദേശസ്ഥാപനങ്ങളുടെ തീരുമാനങ്ങൾ നടപ്പാക്കൽ എന്നിവയായിരിക്കും പൊലിസിന്റെ ചുമതല. മുനിസിപ്പൽ കോർപ്പറേഷനുകളുടെ കീഴിലെ ട്രാഫിക്ക് മാനേജ്മെന്റ് അധികാരം പൂർണമായും തദ്ദേശസ്ഥാപനങ്ങൾക്കു നൽകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.വീരപ്പമൊയ്‌ലി അദ്ധ്യക്ഷനായുള്ള രണ്ടാം ഭരണഘടന പരിഷ്ക്കരണസമിതിയുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഈ ശുപാർശ. കേന്ദ്രപഞ്ചായത്ത് രാജ് സെക്രട്ടറി എസ്.എം.വിജയാനന്ദ്, ഡോ.കെ.പി.കണ്ണൻ, പി.കബീർ, കില ഡയറക്ടർ ഡോ.പി.പി.ബാലൻ, തദ്ദേശഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗീസ്, ഡോ.ടി.ആർ.രഘുനന്ദനൻ എന്നിവരാണ് കമ്മീഷൻ അംഗങ്ങൾ.

### ഡോ.പി.പി.ബാലൻ കേന്ദ്രപഞ്ചായത്ത് രാജ് വിദഗ്ദ്ധസമിതിയിൽ

**രാജ്യത്തെ** കേന്ദ്രഭരണപ്രദേശങ്ങളിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു കേന്ദ്രസർക്കാർ അഞ്ചംഗ വിദഗ്ദ്ധസമിതിയെ നിയമിച്ചു.കേന്ദ്രസർക്കാരിന്റെ മുൻ സെക്രട്ടറിയും കർണാടക സ്വദേശിയുമായ ഡോ.എസ്.എസ് മീനാക്ഷിസുന്ദരം അദ്ധ്യക്ഷനായുള്ള സമിതിയിൽ കില ഡയറക്ടർ ഡോ.പി.പി.ബാലനും അംഗമാണ്. കേന്ദ്ര പഞ്ചായത്ത് രാജ് അഡീഷ്ണൽ സെക്രട്ടറി രശ്മി ശുക്ല ശർമ്മ, കേന്ദ്ര ആഭ്യന്തരവകുപ്പു ജോ.സെക്രട്ടറി ഹിതേഷ് കുമാർ എസ്. മക്വാന, ഹൈദരാബാദിലെ നാഷ്ണൽ റൂറൽ ഡെവലപ്മെന്റ് ഇൻസ്ററിറ്റ്യൂട്ടിലെ മേധാവി ഡോ.കെ.ജയലക്ഷ്മി എന്നിവരാണ് സമിതിയിലെ മറ്റംഗങ്ങൾ.

# പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനമുറി




**നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടിക ജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി നൽകേണ്ടത്. ഇതിനുള്ള അപേക്ഷ വിദ്യാർത്ഥിയുടെ രക്ഷകർത്താവാണ് സമർപ്പിക്കേണ്ടത്. അപേക്ഷകൻ ബി.പി.എൽ.കുടുംബത്തിലുള്ളയാളായിരിക്കണം. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം.**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്കു പഠനമുറി നിർമ്മിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിൽവന്നു. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണത്തിനുള്ള കോർഡിനേഷൻ കമ്മിററി തീരുമാനിച്ചിരുന്നുവെങ്കിലുംമാനദണ്ഡങ്ങൾ നിശ്ചയിക്കാതിരുന്നതിനാൽ ഇക്കാര്യത്തിൽ നിലവിലിരുന്ന അവ്യക്തത നീക്കം ചെയ്യുന്നതിനാണ് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി നൽകേണ്ടത്. ഇതിനുള്ള അപേക്ഷ വിദ്യാർത്ഥിയുടെ രക്ഷകർത്താവാണ് സമർപ്പിക്കേണ്ടത്. അപേക്ഷകൻ ബി.പി.എൽ.കുടുംബത്തിലുള്ളയാളായിരിക്കണം. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം. നിലവിലുള്ള ഒരു മുറി പഠനമുറിയാക്കുകയല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്. പുതിയ മുറി നിർമ്മിക്കുകയാണു വേണ്ടത്. എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനിയർ മെഷർമെന്റ് എടുക്കണം.മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നു ഈ ഇനത്തിൽ ധനസഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഇതുസംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട വകുപ്പു ഉദ്യോഗസ്ഥനിൽനിന്നു വാങ്ങി സമർപ്പിക്കേണ്ടതാണ്.(സ.ഉ.(സാധാ)626/2016.തസ്വഭവ. തീയതി15.2.2016)

# ഒഡീഷയിലെ എം.എൽ.എമാർ കിലയിൽ

**കേ**രളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിനു ഒഡീഷയിൽനിന്നുള്ള 11 എം.എൽ.എ മാർ കിലയിലെത്തി.യൂണിസെഫ് ഒഡീഷ യൂണിറ്റിലെ രണ്ടു ഉദ്യോഗസ്ഥരും ഇവരോടൊപ്പമുണ്ടായിരുന്നു. എല്ലാ എം.എൽ.എമാരും ബിജു ജനതാദളിൽ പെട്ടവരാണ്. കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ.പി.പി. ബാലനും മറ്റും ചേർന്നു സ്വീകരിച്ചു.കേരളത്തിലെ പ്രാദേശികഭരണം ശാക്തീകരിക്കുന്നതിനു എം.എൽ.എമാർ മികച്ച സംഭാവന നൽകിയിട്ടുണ്ടെന്നു തദവസരത്തിൽ ഡോ.ബാലൻ പറഞ്ഞു.നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതികളുടെ ഏകോപനത്തിനു എം.എൽ.എമാർ മുൻകൈ എടുക്കുന്നുണ്ടെന്നു അദ്ദേഹം വ്യക്തമാക്കി. കേരളത്തിലെ പ്രാദേശികഭരണത്തെക്കുറിച്ചും പങ്കാളിത്ത ആസൂത്രണത്തെപറ്റിയും പ്രൊഫ. ടി.രാഘവനും ശിശുസൗഹൃദ പഞ്ചായത്തുകളെ സംബന്ധിച്ചു ഡോ.പീറ്റർ എം.രാജും കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബശ്രീമിഷനിലെ ടാനി തോമസും സംസാരിച്ചു.

അടാട്ട് ഗ്രാമപഞ്ചായത്ത്, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത്, വടക്കാഞ്ചേരി ജില്ല ആശുപത്രി എന്നിവിടങ്ങളിൽ സന്ദർശിച്ച് അവിടത്തെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായും അവർ ചർച്ച നടത്തി.




കാസർകോട് ജില്ലയിലെ ജനപ്രതിനിധികൾക്കുള്ള ദ്വിദിന പരിശീലനപരിപാടിയിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ സംസാരിക്കുന്നു



ഗ്ലോബൽ ഗ്രാമസഭരൂപീകരണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാല

# ഗ്രാമസഭകളുടെ ശാക്തീകരണത്തിനു ഇനി ഗ്ലേ ാബൽ ഗ്രാമസഭ

പ്രവാസികളുടെ സഹകരണത്തോടെ ഗ്രാമസഭകളുടെ ശാക്തീകരണത്തിനു കിലയുടെ പുതിയ നീക്കം. ഓരോ പഞ്ചായത്തിൽനിന്നു തൊഴിൽ തേടി ഇന്ത്യക്കു പുറത്തും മറ്റു സംസ്ഥാനങ്ങളിലുമായി കഴിയുന്നവരെ കണ്ടെത്തി ഗ്ലോബൽ ഗ്രാമസഭകൾ രൂപീകരിക്കുകയാണ് ലക്ഷ്യമെന്ന് കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. കതിരൂർ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഗ്ലോബൽ ഗ്രാമസഭകളുടെ മാതൃക മറ്റു പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കാനാണു നീക്കം. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടേയും സന്നദ്ധസംഘടനകളുടേയും പ്രതിനിധികൾ പങ്കെടുത്തു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. ഡോ. പീറ്റർ എം.രാജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ, എക്സ്റ്റഷൻ ഫാക്കൽറ്റി കെ.ഗോപാലകൃഷ്ണൻ, കതിരൂർ പഞ്ചായത്ത് മുൻ പ്രസിഡന്റ് കെ.വി. പവിത്രൻ, വൈസ് പ്രസിഡന്റ് പി.പി.സനിൽ എന്നിവർ സംസാരിച്ചു.

പ്രവാസികളെ കണ്ടെത്തുന്നതിനു ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ആദ്യം സർവേ നടത്തും. തുടർന്ന് ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെ അവരെ വിളിച്ചു സംസാരിക്കും. വിളിക്കുന്ന ദിവസം മുൻകൂട്ടി അറിയിക്കും. വികസന-ഭരണ-സേവനരംഗങ്ങളിൽ അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും അവർക്കുള്ള സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ കൈകൊള്ളുകയും ചെയ്യും. പ്രവാസികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്കു ആവശ്യമായ സേവനങ്ങൾ നൽകാനും നടപടി സ്വീകരിക്കും. ആരോഗ്യം, വിദ്യാഭ്യാസം,ശുചിത്വം, ടൂറിസം തുടങ്ങിയ മേഖലകളിൽ നിക്ഷേപകരാകാനും സംരംഭകരാകാനും അവസരമൊരുക്കും. വിവിധ രംഗങ്ങളിലുള്ള പ്രവാസികളുടെ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുന്നതിനും ഇതു സഹായകമാകും.

## കിലയിൽ ഇനി കോകില
(complete online Kila)

ആധുനികവൽക്കരണത്തിന്റെ ഭാഗമായി കില പേപ്പർ ലെസ് സംവിധാനത്തിലേക്ക്. കേന്ദ്രഗവർമ്മെന്റിന്റെ മിനിസ്ട്രി ഓഫ് കമ്മ്യൂണിക്കേഷൻസ് ആന്റ് ഇന്റഫർമേഷൻ ടെക്നോളജിയുടെ കീഴിലുള്ള നാഷ്ണൽ ഇൻഫർമേറ്റിക് സെന്ററാണ് ഇതിനുള്ള സംവിധാനമൊരുക്കുന്നത്. സ്റ്റേറ്റ് ഇൻഫർമേറ്റിക് ഓഫീസർ ടി.മോഹൻദാസിന്റെ നിയന്ത്രണത്തിൽ ജില്ലാ ഇൻഫർമേറ്റിക് ഓഫീസർ കെ.സുരേഷാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നത്. കിലയ്ക്കുവേണ്ടി പ്രത്യേകം വികസിപ്പിച്ചെടുത്ത കോകില (complete online Kila) സോഫ്റ്റ് വെയറാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്.മാർച്ച് രണ്ടുമുതൽക്കാണ് പുതിയ സംവിധാനം നിലവിൽ വന്നത്.

കിലയുടെ പ്രവർത്തനങ്ങൾക്കു കൂടുതൽ സുതാര്യത വരുത്തുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നതെന്നു കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു. ഫയൽ നീക്കം(വർക്ക് ഫ്ളോ ഫയൽ സിസ്റ്റം )ശമ്പളം എന്നിവ ഇതിനകം നടപ്പിലാക്കി കഴിഞ്ഞു. ശേഷിച്ചവ ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കുമെന്നു ഡയറക്ടർ അറിയിച്ചു. കോകിലയുടെ പ്രവർത്തനം സമ്പൂർണമാകുന്നതുവരെ എൻ.ഐ.സി ഉദ്യോഗസ്ഥന്മാരുടെ സേവനം കിലയിലുണ്ടാകും.

മാനുവൽ ഫയലുകൾക്കു പകരമുള്ളതാണ് ഇലക്ട്രോണിക്ക് ഫയൽ ഫ്ളോ സിസ്റ്റം, ആസ്തി എന്തൊക്കെയാണെന്നും എവിടെയാണെന്നുമറിയുന്നതിനുള്ള ആസ്തി മാനേജ്മെന്റ് സിസ്റ്റം, ഇൻവെന്ററി മാനേജ്മെന്റ സിസ്റ്റം, ഇലക്ട്രോണിക്ക് ഹാജർ സിസ്റ്റം, ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ഗസ്റ്റ്ഹൗസ് മാനേജ്മെന്റ് സിസ്റ്റം, ട്രെയിനിംഗ് ആന്റ് പ്ലാനിംഗ് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയവയാണ് ഇനി നടപ്പിലാക്കാനുള്ളത്.

ഓഡിറ്റിംഗിനു കോകിലയിൽ പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്. കിലയിലെ നോഡൽ ഓഫീസർ ഡോ.ജെ.ബി.രാജനും ഇപ്ലിമെന്റിംഗ് ഓഫീസർ ആർ.ഗിരിജാദേവിയും ടെക്നിക്കൽ ഓഫീസർ ഒ.എസ്.മിറാഷുമാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പ്രതിനിധികളടങ്ങുന്ന ഇ-ഗവേണിംഗ് കമ്മിറ്റിയാണ് ഇതിനു മേൽനോട്ടം വഹിക്കുക.







# അംഗനശ്രീ ഓട്ടോ

സ്വയം തൊഴിലിലൂടെ കൂടുതൽ സ്ത്രീകളെ തൊഴിൽരംഗത്തെത്തിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. ഇപ്പോൾ പുരുഷന്മാർ മാത്രം കുത്തകയാക്കി വച്ചിരിക്കുന്ന ഓട്ടോറിക്ഷാ മേഖലയിൽ പരിചയസമ്പന്നരായ സ്ത്രീകളെ കണ്ടെത്തി അവർക്കു വിദഗ്ദ്ധ പരിശീലനം നൽകി കുറഞ്ഞ പലിശയ്ക്കു വായ്പാസൗകര്യം ഒരുക്കി സ്വയം തൊഴിലിനു പ്രാപ്തരാക്കുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ കുടുംബശ്രീ ഓട്ടോ പദ്ധതി. 2016-17 വർഷത്തെ പദ്ധതിയിൽ പെടുത്തി ഈ സംരംഭം ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.ഓരോ തദ്ദേശ സ്ഥാപനത്തിലും ചുരുങ്ങിയതു പത്തു വനിതകൾക്കെങ്കിലും സ്വയംതൊഴിലും വരുമാനവുമുണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഗ്രാമസഭയിലൂടെ തെരഞ്ഞെടുക്കുന്ന കുടുംബശ്രീ അംഗങ്ങൾ ബി.പി.എല്ലിൽ ഉൾപ്പെട്ടവരോ അല്ലെങ്കിൽ 50,000/-രൂപയിൽ താഴെ കുടുംബവാർഷികവരുമാനമുള്ളവരോ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ ഉള്ളവരും 18 നും 50 നുമിടയ്ക്കു പ്രായമുള്ളവരുമായിരിക്കണം. ഇവർ കുടുംബശ്രീ അയൽകൂട്ടങ്ങളിൽ അംഗങ്ങളുമായിയിരിക്കണം.

കുടുംബശ്രീ പ്ലാൻ മിത്രകൾ പദ്ധതി തയ്യാറാക്കി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നൽകി ഗ്രാമസഭയിലൂടെ അർഹതയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു അതതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിക്കു സബ്സിഡി വകയിരുത്തി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്കു (ഒരു സി.ഡി.എസിൽ ഏറ്റവും കുറഞ്ഞതു പത്തുപേർക്കു സബ്സിഡി വകയിരുത്തി) പദ്ധതി നടപ്പാക്കണം.കുടംബശ്രീ ജില്ലാമിഷൻ ഡ്രൈവിംഗ് പരിശീലനവും ബാഡ്ജും എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സബ്സിഡി തുക ബാങ്കിലേക്കു ബാക്ക് എന്റ് സബ്സിഡിയായി നൽകണം. പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിൽ പെടുന്നവർക്കു 40,000/-രൂപയും എസ്.സി/എസ്.ടി വിഭാഗങ്ങൾക്കു 50,000/- രൂപയും സബ്സിഡി നൽകാം. വിവിധ ഘടകപദ്ധതികളിൽനിന്നും തുക വകയിരുത്താവുന്നതുമാണ്. സംസ്ഥാനതലത്തിൽ ബജാജ് ഓട്ടോ ലിമിറ്റഡ്, ടി.വി.എസ് ഓട്ടോ ലിമിറ്റഡ് എന്നീ കമ്പനികളുമായി ചർച്ച ചെയ്തു ചുരുങ്ങിയ വിലനിരക്കും മറ്റു ആനുകൂല്യങ്ങളും നിശ്ചയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ കൂടുതൽ അറിയുന്നതിനു 25.2.2016 ലെ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഐ.എ1/758/2016 നമ്പർ സർക്കുലർ കാണുക.

**സ്വയം തൊഴിലിലൂടെ കൂടുതൽ സ്ത്രീകളെ തൊഴിൽരംഗത്തെത്തിക്കുക എന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. ഓട്ടോറിക്ഷാ മേഖലയിൽ പരിചയസമ്പന്നരായ സ്ത്രീകളെ കണ്ടെത്തി അവർക്കു വിദഗ്ദ്ധ പരിശീലനം നൽകുകയാണ് പദ്ധതി.ഓരോ തദ്ദേശസ്ഥാപനത്തിലും ചുരുങ്ങിയതു പത്തു വനിതകൾക്കെങ്കിലും സ്വയംതൊഴിലും വരുമാനവുമുണ്ടാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.കുടുംബശ്രീ അയൽകൂട്ടങ്ങളിൽ അംഗങ്ങളായവർക്കുമാത്രമേ പദ്ധതിയിൽ ചേരാനാകൂ.**



വയനാട് ജില്ലയിലെ ജനപ്രതിനിധികൾക്കുള്ള ഏകദിന പരിശീലനപരിപാടിയിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗീതാരാമൻ സംസാരിക്കുന്നു

# കമ്പ്യൂട്ടർ/അനുബന്ധ ഉപകരണങ്ങളുടെ
# ഉപയോഗക്രമത്തിനു നിബന്ധനകൾ



**പത്തുലക്ഷം രൂപയ്ക്കു മുകളിൽ(10,00000/-രൂപ) എസ്റ്റിമേറ്റ് ചെലവു പ്രതീക്ഷിക്കുന്ന കമ്പ്യൂട്ടർ, സെർവർ, മററ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഐ.ടി.വകുപ്പിന്റെ 17.11.2012 ലെ സർക്കുലറിൽ നിർദ്ദേശിച്ച നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇതിനു പുറമെ ഭരണ-ഐ.ടി.വകുപ്പുകളുടെ അനുമതിയും തേടണം. അതുസംബന്ധിച്ച സാക്ഷ്യപത്രവും ഫയലിൽ ഉൾപ്പെടുത്തണം. കമ്പ്യൂട്ടർ, സെർവർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്ന ഘട്ടത്തിൽ ഇതിനാവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതുമാണ്. പുതിയ സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ എല്ലാജീവനക്കാർക്കും നൽകിയിരിക്കണം.**

**വി**വിധ സർക്കാർ ഓഫീസുകളിൽ വാങ്ങിയ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടേയും ഉപയോഗക്ഷമത പരിശോധിക്കുന്നതിനായി ധനകാര്യ പരിശോധനാവിഭാഗം 2015 ജൂണിൽ വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ അപാകതകളുടെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പു സർക്കാരിനു സമർപ്പിച്ച ചില ശുപാർശകൾ പ്രകാരം എല്ലാ സ്ഥാപനങ്ങളും നടപ്പാക്കേണ്ട ചില നിബന്ധനകൾ നിർദ്ദേശിച്ച് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

പത്തുലക്ഷം രൂപയ്ക്കു മുകളിൽ(10,00000/-രൂപ) എസ്റ്റിമേറ്റ് ചെലവു പ്രതീക്ഷിക്കുന്ന കമ്പ്യൂട്ടർ,സെർവർ, മററ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുമ്പോൾ ഐ.ടി.വകുപ്പിന്റെ17.11.2012 ലെ സർക്കുലറിൽ നിർദ്ദേശിച്ച നിബന്ധനകൾ പാലിക്കേണ്ടതാണ്. ഇതിനു പുറമെ ഭരണ- ഐ.ടി. വകുപ്പുകളുടെ അനുമതിയും തേടണം. അതുസംബന്ധിച്ച സാക്ഷ്യപത്രവും ഫയലിൽ ഉൾപ്പെടുത്തണം. കമ്പ്യൂട്ടർ, സെർവർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്ന ഘട്ടത്തിൽ ഇതിനാവശ്യമായ മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതുമാണ്. ഇതുസംബന്ധിച്ച സാക്ഷ്യപത്രവും ബന്ധപ്പെട്ട ഫയലിൽ വകുപ്പു തലവന്മാർ ഉൾപ്പെടുത്തിയിരിക്കണം. പുതിയ സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ എല്ലാജീവനക്കാർക്കും നൽകിയിരിക്കണം.

കമ്പ്യൂട്ടർ,സെർവർ,മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ മുതൽ അവ നശിപ്പിക്കൽവരെയുള്ള എല്ലാ ഘട്ടങ്ങളിലും അതുസംബന്ധിച്ചു നിലവിലിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചിരിക്കേണ്ടതാണ്. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ എല്ലാ ഓഫീസിലും സൂക്ഷിച്ചിരിക്കേണ്ടതും അവ അതതു സമയത്തു അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഓൺലൈൻ എൻട്രി സംവിധാനവും നടപ്പിലാക്കേണ്ടതാണ്. കമ്പ്യൂട്ടറുകൾ/മറ്റ് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ എന്നിവയുടെ മൊത്തത്തിലുള്ള നിയന്ത്രണം എല്ലാ ഓഫീസിലും ഒരു ഉദ്യോഗസ്ഥനു നൽകേണ്ടതും ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടാകുന്നപക്ഷം അതിന്റെ ഉത്തരവാദിത്വം ആ ഉദ്യോഗസ്ഥനു ആയിരിക്കുന്നതുമാണ്.

എല്ലാവാങ്ങലുകളും പൂർണ്ണമായും കേരളാ ഫിനാൻഷ്യൽ കോഡ്, 2013 ലെ കേരള സ്റ്റോർ പർച്ചേസ് നിയമം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം.കമ്പ്യൂട്ടർ,സെർവർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യ



മാക്കണം.ഇല്ലെങ്കിൽ ഉടനെതന്നെ ആയതു ലഭ്യമാക്കുമെന്നും പർച്ചേസ് ഓഫീസർ ഉറപ്പുവരുത്തണം.

ഇവയുടെ ഘടിപ്പിക്കൽ അനാവശ്യമായി ദീർഘിപ്പിക്കാൻ പാടില്ല. അനുവദനീയമായ മൂന്നുമാസക്കാലയളവിനുശേഷം അതു വൈകിപ്പിക്കുന്നപക്ഷം വാങ്ങാൻ അനുമതി നൽകിയ ഉദ്യോഗസ്ഥനിൽനിന്നു വാങ്ങൽ വിലയുടെ 18 ശതമാനം തുക ഈടാക്കേണ്ടതാണ്. അതുപോലെ യഥാർത്ഥ ആവശ്യത്തിലും കൂടുതൽ സാധനങ്ങൾ വാങ്ങാൻ പാടുള്ളതല്ല. വാങ്ങിയ ഉപകരണങ്ങളുടെ അന്തിമ സെറ്റിൽമെന്റിനു മുമ്പായി അർഹതപ്പെട്ട അധികാരിയിൽനിന്നു ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം നിർബന്ധമായും വാങ്ങിയിരിക്കണം. അതുപോലെ എല്ലാ വകുപ്പുകളിലും ഓൺലൈൻ സ്റ്റോക്ക് എൻട്രി സംവിധാനം ഐ.ടി. വകുപ്പിന്റെ അനുമതിയോടുകൂടി നടപ്പിലാക്കേണ്ടതുമാണ്. സർക്കാർ ഓഫീസുകളിൽ ഇ-വേസ്റ്റ് നിർമ്മാർജനത്തിനുള്ള കർമ്മപദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളെല്ലാം വിശദമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണവകുപ്പു16.1.2016 ൽ എ.ബി2/703/2015 നമ്പറായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

# ചോദിക്കൂ പറയാം

? പഞ്ചായത്ത് കക്ഷിയായിട്ടുള്ള കേസ്സുകൾ നടത്തുന്നതിനു കേരള പഞ്ചായത്ത് രാജ് കേസ്സുകളുടെ നടത്തിപ്പും ഫീസു നൽകലും ചട്ടപ്രകാരമുള്ള തുക നൽകാൻ മാത്രമേ അനുവാദമുള്ളൂവെന്നു പറയുന്നു. എന്നാൽ ആ തുകയ്ക്കു കേസ്സുനടത്താൻ വക്കീലന്മാർ തയ്യാറാകുന്നില്ല. എന്തുചെയ്യും?

● കേരള പഞ്ചായത്ത് രാജ് കേസ്സുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്കു ഫീസു നൽകലും ചട്ടങ്ങൾ 2003 പ്രകാരമുള്ള അനുവദനീയമായ തുകകൾ മാത്രമേ നൽകാൻ വ്യവസ്ഥയുണ്ടായിരുന്നുള്ളു. എന്നാൽ ടി തുകകൾ വളരെ കുറവാണെന്നു കണ്ടതുകൊണ്ട് സർക്കാർ വക്കീൽ ഫീസ് പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്കു നിലവിലുള്ള കേസ്സുകൾക്കു കേസൊന്നിനു 15,000/- രൂപ വരെ ചെലവഴിക്കുന്നതിനു അനുവാദം നൽകിയിട്ടുണ്ട്.50,000/- രൂപയ്ക്കു മുകളിൽ വക്കീൽഫീസ് ചെലവഴിക്കുന്നതിനു സർക്കാർ അനുമതി ആവശ്യമാണ്.(സ.ഉ.(എം.സ്)36/16 തസ്വഭവ.തീയതി.18.2.2016)

? സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിക്കുന്നതായി വാർത്ത കണ്ടു. അപ്രകാരം വർദ്ധിപ്പിച്ചു ഉത്തരവായിട്ടുണ്ടോ?

● ഉത്തരവായിട്ടുണ്ട്.75 വയസ്സുകഴിഞ്ഞ വൃദ്ധജനങ്ങൾക്കു 1500/- രൂപയായി വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിച്ചു ഉത്തരവായിട്ടുണ്ട്.1.4.2016 മുതലാണ് ഈ വർദ്ധനവിനു പ്രാബല്യം നൽകിയിട്ടുള്ളത്.(സ.ഉ. (എം.സ് 24/2016 സാ നീ വ. തീയതി.1.3.2016)

? പട്ടികജാതി വിദ്യാർത്ഥികൾക്കു പദ്ധതിപ്രവർത്തനങ്ങളുടെ ആനുകൂല്യം നൽകുന്നതിനു വില്ലേജ് ഓഫീസിൽനിന്നുള്ള ജാതിസർട്ടിഫിക്കറ്റ് ആവശ്യമാണോ?

● പട്ടികജാതി/പട്ടികവർഗ്ഗ ആനുകൂല്യം വാങ്ങുന്ന സ്കൂൾ/കോളജ് വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസ അധികൃതർ നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം വിതരണം ചെയ്യാവുന്നതാണ്.(സ.ഉ. (സാധാ) 536/2016 തസ്വഭവ.തീയതി.9.2.16)

? മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതിയ അങ്കണവാടി കെട്ടിടം നിർമ്മിക്കാനുള്ള ഉത്തരവായിട്ടുണ്ടോ?

● നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് അങ്കണവാടികൾക്കു കെട്ടിടം നിർമ്മിക്കാം എന്നു 24.2.2016 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിററി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ അടുക്കള, ടോയ്‌ലറ്റ്, ചുററുമതിൽ, ആശുപത്രിയോടനുബന്ധിച്ച് മോർച്ചറി എന്നിവ നിർമ്മിക്കുന്നതിനും ഈ ഫണ്ട് ഉപയോഗിക്കാമെന്നു കോർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

? ഐ.എ.വൈ പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ ചിലതു 66 ചതുരശ്ര മീറ്ററിൽ കൂടുതൽ വലിപ്പത്തിൽ പണിതിട്ടുണ്ട്. അവർക്കു ധനസഹായം അനുവദിക്കാമോ?

● പഞ്ചായത്തിൽനിന്നു ഭവനനിർമ്മാണത്തനു ധനസഹായം നൽകുമ്പോൾതന്നെ 66 ചതുരശ്രമീറ്റർ കൂടുതൽ വലിപ്പത്തിൽ പണിയരുത് എന്ന നിബന്ധന വച്ച് എഗ്രിമെന്റ് തയ്യാറാക്കേണ്ടതാണ്.അതിനുശേഷം കൂടുതൽ വലിപ്പത്തിൽ പണിതാൽ ധനസഹായം അനുവദിക്കാവുന്നതല്ല.

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ–0487 2204097**

? മത്സ്യത്തൊഴിലാളികളുടെ മക്കൾക്കു ഫർണിച്ചർ നൽകാൻ വ്യവസ്ഥയുള്ളതായി അറിയുന്നു. എന്താണ് അതിന്റെ മാനദണ്ഡം?

● മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്തമുള്ള മത്സ്യത്തൊഴിലാളികളുടെ സ്കൂൾ വിദ്യാർത്ഥികളായ മക്കൾക്കാണ് ഫർണിച്ചർ നൽകേണ്ടത്. മേശ, കസേര, എന്നിവ ഉൾപ്പെടുന്ന 4,000/- രൂപ സബ്സിഡിക്കുള്ള ഉപകരണങ്ങൾ നൽകാം. കുടുംബവാർഷികവരുമാനം 50,000/-രൂപയിൽ താഴെയായിരിക്കണം. വിദ്യാർത്ഥികൾക്കു ഒരിക്കൽ മാത്രമേ നൽകാൻ പാടുള്ളൂ. സ്കൂൾ അധികൃതരിൽനിന്നു ലിസ്റ്റുവാങ്ങിയ ശേഷം സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ഉപകരണങ്ങൾ പഞ്ചായത്തിന്റെ പ്രൊക്യുർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് വാങ്ങേണ്ടത്.

? വീടു പുനരുദ്ധാരണത്തിനു പഞ്ചായത്തിൽനിന്നു ധനസഹായം നൽകാമെന്നു പറയുന്നു. ഒരു വീടു പണിതാൽ എത്രവർഷം കഴിഞ്ഞ് പുനരുദ്ധാരണത്തിനു അപേക്ഷിക്കാം?

● പുതിയ വീടുനിർമ്മിച്ച് കുറഞ്ഞതു പന്ത്രണ്ടുവർഷം കഴിഞ്ഞുമാത്രമേ വീടിന്റെ പുനരുദ്ധാരണത്തിനു അപേക്ഷിക്കാൻ അർഹതയുള്ളൂ.കുടുംബവാർഷികവരുമാനം 50,000/-രൂപയിൽ താഴെയുള്ളവർക്കാണ് അർഹത. വാസയോഗ്യമായ വീടാണെങ്കിലും പുനരുദ്ധാരണത്തിനു അനിവാര്യമാണെന്നു ഉറപ്പാക്കിയശേഷമാണ് ഗുണഭോക്താവിനെ നിശ്ചയിക്കേണ്ടത്. അറ്റകുറ്റപ്പണിക്കുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം. പഞ്ചായത്തിലെ എഞ്ചിനിയർ അളവെടുത്തശേഷമാണ് സബ്സിഡി തുക ഭാര്യയുടേയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് എക്കൗണ്ടിലേക്കു നൽകേണ്ടത്. (മാർഗ്ഗരേഖ.4/2016 തസ്വഭവ.തീയതി.11.1.2016)

? പഞ്ചായത്തിൽനിന്നു ഇരുചക്രവാഹനം നൽകാൻ പദ്ധതിയുണ്ടെന്നു അറിഞ്ഞു. ആർക്കാണ് അതിന്റെ അർഹത. മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

● ഗ്രാമപഞ്ചായത്തിലെ അർഹരായ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ കുടുംബവാർഷികവരുമാനം 50,000/- രൂപയിൽ താഴെയുള്ളവരോ ആയവർക്കു സാധനങ്ങൾ വിൽപ്പന നടത്തി ഉപജീവനം നടത്തുന്നതിനാണ് ഇരുചക്രവാഹനം നൽകാൻ പദ്ധതി വയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. തൊഴിൽരഹിതരായിട്ടുള്ളവരും ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം. അപേക്ഷകർ ഇരുചക്രവാഹനം ഓടിക്കാൻ ലൈസൻസുള്ളവരായിരിക്കണം. നിലവിൽ സ്വന്തമായി ഇരുചക്രവാഹനമുള്ളവർ അപേക്ഷിക്കാൻ അർഹരല്ല. ഒരു കുടുംബത്തിനു ഒരു തവണമാത്രമേ ഈ ആനുകൂല്യത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ. മോട്ടോർസൈക്കിൾ/സ്കൂട്ടർ വിലയുടെ 33.13 ശതമാനം തുക (പരമാവധി 20,000/-) രൂപയാണ് സബ്സിഡി അനുവദിക്കുന്നത്. ഗുണഭോക്താവായി അംഗീകരിച്ച് അറിയിപ്പു ലഭിച്ചാൽ അപേക്ഷകന്റെ പേരിൽ വാഹനം വാങ്ങിയിരിക്കണം. വാഹനം വാങ്ങിയ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കോ വായ്പയാണെങ്കിൽ ബാങ്കിന്റെ അക്കൗണ്ടിലേക്കോ സബ്സിഡി തുക നൽകേണ്ടതാണ്. വാഹനം അഞ്ചുവർഷത്തേക്കു വിൽക്കുകയോ കൈമാറുകയോ ചെയ്യില്ലെന്ന എഗ്രിമെന്റും വയ്ക്കണം.



# ഭിന്നശേഷിയുള്ളവർക്കുള്ള സർക്കാർ സഹായങ്ങൾ



മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കു എ.പി.എൽ-ബി.പി.എൽ വേർതിരിവില്ലാതെതന്നെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽനിന്നു 100 ശതമാനം സഹായം നൽകാവുന്നതാണ്. ഏറ്റവും കുറഞ്ഞത് 40 ശതമാനമെങ്കിലും വൈകല്യമുള്ളവരെയാണ് സഹായത്തിനു പരിഗണിക്കുന്നത്.

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കു നൽകുന്ന സഹായങ്ങൾ ഇവയാണ്.



- സർജിക്കൽ ഷൂസ്,ആംഗിൾ സ്യൂട്ട്,മോൾഡഡ് ഷൂസ്, ഉയരവും അളവും അനുസരിച്ച് തയ്യാറാക്കിയ തുകൽ ചെരുപ്പ്,അക്കോമഡേറ്റീവ് പാദരക്ഷകൾ,മൈക്രോസെല്ലുലാർ റബ്ബർസോളുള്ള പാദരക്ഷകൾ എന്നിവ.
- ഓർത്തോപീഡിക് ഉപകരണങ്ങൾ വിവിധതരം കറക്റ്റീവ് ഷൂസുകൾ.
- വിവിധ തരം കൃത്രിമ അവയവങ്ങൾ, കാൽ കൈ മുതലായവ.
- സഞ്ചാരസഹായികൾ, വിവിധതരം ക്രച്ചസുകൾ,വാക്കേഴ്സ് തുടങ്ങിയവ.
- ലംബാർ കോർസെറ്റ്,സ്പൈനൽ ബ്രേസ്,ജാക്കറ്റ്, നീബേസ്, സ്റ്റാറ്റിക്ക് അല്ലെങ്കിൽ ഡൈനാമിക്ക് സ്പിളിന്റേസ്, വീൽ ചെയർ, കൈകൊണ്ട് ഉപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേക രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ.
- സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ തുടങ്ങിയവ.





**മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കു എ.പി.എൽ-ബി.പി.എൽ വേർതിരിവില്ലാതെതന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽനിന്നു 100 ശതമാനം സഹായം നൽകാവുന്നതാണ്. ഏറ്റവും കുറഞ്ഞത് 40 ശതമാനമെങ്കിലും വൈകല്യമുള്ളവരെയാണ് സഹായത്തിനു പരിഗണിക്കുന്നത്. സ്കൂട്ടർ നൽകുന്നവർക്കു 40 ശതമാനം വൈകല്യമുണ്ടെങ്കിലും വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്നു ഡോക്ടർ സാക്ഷ്യപ്പെടുത്തണം.കുടുബവാർഷികവരുമാനം 50,000/- രൂപയിൽ താഴെയായിരിക്കണം. പത്തുവർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. അയൽസഭ നിർദ്ദേശിച്ച് ഗ്രാമസഭ/വാർഡുസഭ അംഗീകരിച്ച ആളായിരിക്കണം.**



ഇതിൽ സ്കൂട്ടർ നൽകുന്നവർക്കു 40 ശതമാനം വൈകല്യമുണ്ടെങ്കിലും വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്നു ഡോക്ടർ സാക്ഷ്യപ്പെടുത്തണം.കുടുബ വാർഷികവരുമാനം 50,000/- രൂപയിൽ താഴെയായിരിക്കണം. പത്തുവർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. അയൽസഭ നിർദ്ദേശിച്ച് ഗ്രാമസഭ/വാർഡുസഭ അംഗീകരിച്ച ആളായിരിക്കണം.

കേഴ്വിശക്തി കുറഞ്ഞവർക്കു ശ്രവണസഹായകൾ നൽകാം. മാനസികവെല്ലുവിളികൾ നേരിടുന്നവർക്കു അവർക്കാവശ്യമായ മേൽക്കാണിച്ച ഏതു ഉപകരണങ്ങളും നൽകാം. കാഴ്ച കുറഞ്ഞവർക്കു ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ,വൈറ്റ് കെയിൻ, ഹാൻസ് ഹെൽഡ്സ്റ്റാൻഡ്, ലൈറ്റുള്ളതും അല്ലാത്തതുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിൻതസൈസേഴ്സ്,കമ്പ്യൂട്ടർ, ബ്രെയിലി കമ്പ്യൂട്ടർ ആന്റ് അറ്റാച്ച്മെന്റ്സ്, ടെലിഫോണിൽ ഘടിപ്പിക്കുന്ന ബ്രെയിലി അറ്റാച്ച്മെന്റുകൾ,ബ്രെയിലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ, ഷോർട്ട് ഹാൻഡ് ബ്രെയിലി മെഷീൻ,(ശേഷം പേജ്8 ൽ)
ബ്രെയിലി ടൈപ്പ് റൈറ്റർ (പത്താംക്ലാസ്സ് കഴിഞ്ഞവർക്കു മാത്രം) ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ്,

കാൽകുലേറ്റർ, റെയ്സ്ഡ് മാപ്പ്,ഗ്ലോബ്,പ്രത്യേക പഠന സാമഗ്രികൾ എന്നിവ നൽകാം.

ഉപകരണങ്ങളുടെ ആവശ്യകത നിർണയിക്കാൻ ഗ്രാമ പഞ്ചായത്തിന്റെ/മുനിസിപ്പാലിററിയുടെ/കോർപ്പറേഷന്റെ നേതൃത്വത്തിൽ ആവശ്യകതാനിർണയക്യാമ്പ് നടത്തണം. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണം വേണമെന്നതിനാൽ ഓരോരുത്തരുടേയും പ്രത്യേകത പരിശോധിച്ച് ആവശ്യമായ ഉപകരണത്തന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷമാണ് പ്രോജക്ട് തയ്യാറാക്കേണ്ടത്. പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ആവശ്യകതാനിർണയ മെഡിക്കൽ ക്യാമ്പ് നടത്തിയിരിക്കണം. ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും ഈ ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ-ഭക്ഷണ ചെലവുകൾക്കായി 250/- രൂപവരെ പദ്ധതിയിൽ ഉൾപ്പെടുത്താം.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സാമൂഹ്യസുരക്ഷാമിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ടാകും. 40 ശതമാനത്തിൽ കൂടുതൽ വൈകല്യമുള്ളവരേയും കാർഡ് ലഭിക്കാത്ത അർഹരായിട്ടുള്ളവർ ഉണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്കു ക്ഷണിച്ചുകൊണ്ടുവരേണ്ടത്.സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ,ഓർത്തോടിക്ക് എഞ്ചിനിയർ, പ്രോസ്തെററിക്ക് എഞ്ചിനിയർ, ഓഡിയോളജിസ്റ്റ്, ഓപ്തോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്-ജില്ലാ ആശുപത്രികളിൽനിന്നു ഈ വിദഗ്ദ്ധരെ ലഭിക്കും ഡിസ്ട്രിക്റ്റ് ഡിസ്എബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ( ഡി.ഡി.ആർ.സി) മെഡിക്കൽ കോളജ്, സാമൂഹ്യസുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിനു ഉപയോഗിക്കാവുന്നതാണ്.

വികലാംഗകോർപ്പറേഷൻ, കെൽട്രോൺ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ) എന്നിവിടങ്ങളിൽനിന്നാണ് ആവശ്യമായ ഉപകരണങ്ങൾ വാങ്ങേണ്ടത്. പല തദ്ദേശസ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉപകരണങ്ങൾ ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകാതിരിക്കാൻ വേണ്ട മുൻകരുതൽ എടുക്കേണ്ടതാണ്. ക്യാമ്പിൽ വച്ച് ഇതുസംബന്ധിച്ച് വിവരശേഖരണം കൂടി നടത്തേണ്ടതാണ്. ഉപകരണങ്ങൾ നൽകുന്ന പ്രോജക്ട് നഗരഭരണ സ്ഥാപനങ്ങളും ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുമാണ് ഏറ്റെടുക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതും ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയതുമായിരിക്കണം. ഈ ലിസ്റ്റുപ്രകാരമുള്ള ഗുണഭോക്താക്കളെ ക്യാമ്പിൽ പങ്കെടുപ്പിച്ച് ആവശ്യകതാനിർണയം നടത്തി ഉപകരണങ്ങൾ നിശ്ചയിച്ച ലിസ്റ്റ് പ്രകാരമുള്ള ഉപകരണങ്ങളേ വാങ്ങാൻ പാടുള്ളൂ. ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിലെ/മുനിസിപ്പാലിററിയിലെ നിർവഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ വഴിയായിരിക്കണം വിതരണം നടത്തേണ്ടത്.




ഇതു കൂടാതെ മാനസിക -ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കു സ്കോളർഷിപ്പുകൾ വിതരണം ചെയ്യാനും പദ്ധതി വയ്ക്കാം.ഓരോ വിഭാഗത്തിലും/ഓരോ ക്ലാസ്സുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു നൽകുന്ന വ്യത്യസ്ത നിരക്കുകൾ പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുള്ളതാണ്.(സ.ഉ.(എം.എസ്)4/2016 തസ്വഭവ.തീയതി.11.1.2016 നമ്പറായുള്ള പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലെ അനുബന്ധം 15 കാണുക) ഇതിനെല്ലാം പുറമെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കാനും അനുമതി നൽകിയിട്ടുണ്ട്.ജി.ഓ.(എം.എസ്.)144/2013 തസ്വഭവ.തീയതി.6.4.2013 നമ്പർ ഉത്തരവുപ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിന്റെ കീഴിലും റിഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ച് പ്രവർത്തിക്കാൻ കഴിയും.ഇപ്രകാരമുള്ള സഹായസൗകര്യങ്ങൾ ചെയ്തുകൊണ്ട് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ നമുക്കു കഴിയും.പുതിയ തദ്ദേശഭരണസാരഥികൾക്കു അതിനു കഴിയട്ടെ.

**വിജിയെസ് തത്തപ്പിള്ളി**



മലപ്പുറം ജില്ലയിലെ ജനപ്രതിനിധികൾക്കുള്ള ദ്വിദിന പരിശീലനപരിപാടിയിൽ
കില ട്രെയിനിംഗ് അസോസിയേറ്റ് **പ്രതാപ് സിംഗ്** സംസാരിക്കുന്നു



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)